# ജുമുഅഃ ഖുത്ബ സംഗ്രഹം 02.02.2024

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ്** (അയ്യദഹുല്ലാഹ്)

***യു.കെ.യിലെ മസ്ജിദ് മുബാറക്കിൽ നിർവഹിച്ചത്.***

## തിരുനബി ചരിത്രം: ഉഹുദ് യുദ്ധസംഭവവികാസങ്ങൾ

اَشۡهَدُ اَنۡ لَّاۤ اِلٰهَ اِلَّا اللّٰهُ وَحۡدَهٗ لَا شَرِیۡکَ لَهٗ وَاَشۡهَدُ اَنَّ مُحَمَّدًا عَبۡدُهٗ وَرَسُوۡلُهٗ
اَمَّا بَعۡدُ فَاَعُوۡذُ بِاللّٰهِ مِنَ الشَّیۡطٰنِ الرَّجِیۡمِ ○ بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ ○
اَلۡحَمۡدُ لِلّٰہِ رَبِّ الۡعٰلَمِیۡنَ ○ الرَّحۡمٰنِ الرَّحِیۡمِ ○ مٰلِکِ یَوۡمِ الدِّیۡنِ ○ اِیَّاکَ
نَعۡبُدُ وَاِیَّاکَ نَسۡتَعِیۡنُ ○ اِہۡدِنَا الصِّرَاطَ الۡمُسۡتَقِیۡمَ ○ صِرَاطَ الَّذِیۡنَ اَنۡعَمۡتَ
عَلَیۡہِمۡ غَیۡرِ الۡمَغۡضُوۡبِ عَلَیۡہِمۡ وَلَا الضَّآلِّیۡنَ ○

ഉഹദ് യുദ്ധസംഭവങ്ങളിൽ സ്വഹാബാക്കളുടെ ത്യാഗങ്ങളും അവരുടെ നബി(സ)യോടുള്ള അനുരക്തിയുടെ ഉദാഹരണങ്ങളും ഞാൻ പറഞ്ഞിരുന്നു. ഇവയിൽ ഹദ്റത്ത് അലി(റ)ന്റെ ധീരതയെപ്പറ്റിയുള്ള പരാമർശങ്ങളും കാണുന്നുണ്ട്. ഹദ്റത്ത് അലി(റ)നെ പറ്റി നിവേദനങ്ങളിൽ പറയുന്നു. ഉഹദ് യുദ്ധാവസരത്തിൽ ഇബ്നു ഖമിഅഃ, മുസ്അബ് ബിൻ ഉമൈർ(റ)നെ ശഹീദാക്കിയപ്പോൾ അയാൾ കരുതിയത് റസൂലുല്ലാഹ്(സ)നെ ശഹീദാക്കിയെന്നാണ്. അങ്ങനെ അയാൾ ഖുറൈശികൾക്കിടയിൽ താൻ മുഹമ്മദ്(സ)നെ വധിച്ചു എന്ന് പറയാൻ തുടങ്ങി.

ഹദ്റത്ത് മുസ്അബ് ശഹീദായപ്പോൾ നബി(സ) പതാക ഏൽപ്പിച്ച ഹദ്റത്ത് അലി(റ) കാഫിരീങ്ങളുടെ പതാകവാഹകരെ ഒന്നൊന്നായി വീഴ്ത്തുകയുണ്ടായി. നബി(സ)ന്റെ നിർദേശത്താൽ നിഷേധികളിലെ അംറ്ബ്നു അബ്ദുല്ലാഹ് ജുംഹിയെയും ശിഅ്ബ ബിൻ മാലികിനെയും വധിച്ചു. ഹദ്റത്ത് ജിബ്രീൽ പറഞ്ഞു: യാ റസൂലുല്ലാഹ് തീർച്ചയായും ഇദ്ദേഹം സഹാനുഭൂതി അർഹിക്കുന്നു. നബി(സ) പറഞ്ഞു: അതേ, അലി എന്നിൽ നിന്നും ഞാൻ അലിയിൽ നിന്നുമാകുന്നു. ആ സമയത്ത് ജിബ്രീൽ പറഞ്ഞു: ഞാൻ നിങ്ങൾ രണ്ടുപേരിൽ നിന്നുമാകുന്നു. ഇക്കാര്യത്തെ ശിയാക്കൾ അതിശയോക്തി കലർത്തി ഒരുപാട് വർണ്ണിക്കാറുണ്ട്.

ഹദ്റത്ത് അലി(റ) പറയുന്നു: ഉഹദ് യുദ്ധത്തിൽ ജനങ്ങൾ തിരുനബി(സ)ന്റെ അടുക്കൽനിന്ന് മാറിയപ്പോൾ ഞാൻ ശുഹദാക്കളുടെ മൃതദേഹങ്ങൾ തിരയാൻ തുടങ്ങി. അതിൽ എനിക്ക് നബി(സ)യെ കാണാൻ കഴിഞ്ഞില്ല. അപ്പോൾ ഞാൻ പറഞ്ഞു: അല്ലാഹുവാണെ, നബി(സ) ഓടിപ്പോകുന്നവനല്ല. ഞാൻ നബി(സ)നെ ശുഹദാക്കൾക്കിടയിലും കാണുകയുണ്ടായില്ല. പക്ഷെ അല്ലാഹു നമ്മോട് നീരസം പ്രകടിപ്പിക്കുകയും അവൻ തന്റെ നബിയെ ഉയർത്തുകയും ചെയ്തിരിക്കുന്നു. അതുകൊണ്ട് എന്നെ സംബന്ധിച്ചിടത്തോളം യുദ്ധം ചെയ്യുകയും അങ്ങനെ കൊല്ലപ്പെടുന്നതുമാണ് അഭികാമ്യം. ഹദ്റത്ത് അലി(റ) പറയുന്നു: അങ്ങനെ ഞാൻ എന്റെ വാൾ പൊട്ടിച്ചുകളഞ്ഞു. കാഫിരീങ്ങളെ ആക്രമിച്ചു. അവർ പലഭാഗത്തക്കും ചിതറിപ്പിരിഞ്ഞു. അപ്പോൾ നബി(സ) അവർക്കിടയിൽ നിൽകുന്നതാണ് ഞാൻ കണ്ടത്.

ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) പറയുന്നു: ഹദ്റത്ത് അലി(റ) ഉഹുദിൽനിന്ന് തിരിച്ചുവന്ന് ഹദ്റത്ത് ഫാത്വിമക്ക് തന്റെ വാൾ കഴുകി വൃത്തിയാക്കാൻ കൊടുത്തിട്ടു പറഞ്ഞു: ഇന്ന് ഈ വാൾ വളരെയേറെ ഉപകാരപ്പെട്ടു. ഇത് കേട്ട് റസൂൽ കരീം(സ) പറഞ്ഞു: അലീ നിന്റെ വാൾ മാത്രമല്ല; ഏഴ് സ്വഹാബാക്കളുടെ പേര് എടുത്തുകൊണ്ട് അവരുടെ വാളുകളും പ്രയോജനപ്പെട്ടു എന്നു പറഞ്ഞു.

ഹദ്റത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) തന്റെ സീറത്ത് ഖാതമുന്നബിയ്യീനിൽ ഹദ്റത്ത് അബൂത്വൽഹ അൻസാരി(റ)നെപ്പറ്റി എഴുതുന്നു: അദ്ദേഹം അമ്പെയ്തുകൊണ്ട് മൂന്ന് വില്ലുകൾ പൊട്ടിക്കുകയുണ്ടായി. ശത്രുക്കളുടെ ശരങ്ങൾക്ക് മുന്നിൽ വിരിമാറുമായി നബി(സ)ന്റെ ശരീരത്തെ തന്റെ പരിചകൊണ്ട് മറച്ചുപിടിച്ചു.

സഅദ് ബിൻ വഖാസ്(റ)ന് നബി(സ) തന്നെ അമ്പുകൾ എടുത്ത് കൊടുത്തിരുന്നു. ഹദ്റത്ത് സഅദ് ഈ അമ്പുകൾ ശത്രുക്കൾക്ക് നേരെ തുരുതുരാ എയ്തുകൊണ്ടിരുന്നു. ഒരുവേള റസൂൽ(സ) ഹദ്റത്ത് സഅദിനോട് പറഞ്ഞു: നിനക്ക് മേൽ എന്റെ മാതാപിതാക്കൾ തെണ്ടമായിരിക്കട്ടെ. തുടർച്ചയായി അമ്പെയ്തുകൊണ്ടിരിക്കൂ. സഅദ് തന്റെ ആയുഷ്ക്കാലം മുഴുവനും ഈ വാക്കുകളെ വളരെ അഭിമാസപുരസ്സരം വിവരിച്ചുകൊണ്ടിരുന്നു.

അബൂദുജാന(റ) ഒരുപാട് നേരം തന്റെ ശരീരത്തെക്കൊണ്ട് നബി(സ)ന്റെ ശരീരത്തെ മറച്ചുപിടിച്ച് നിന്നു.

എല്ലാ അമ്പുകളും കല്ലുകളും തന്റെ ശരീരത്തിൽ ഏറ്റുവാങ്ങി. അങ്ങനെ അദ്ദേഹത്തിന്റെ ശരീരം അമ്പുകൊണ്ട് അരിപ്പപോലെയായി. (പക്ഷെ അദ്ദേഹം ഉഫ് എന്ന് പോലും പറഞ്ഞിട്ടില്ല. തന്റെ ശരീരം അനങ്ങിയാൽ നബി(സ)ന്റെ ശരീരത്തിൽ അമ്പേൽക്കുമെന്നായിരുന്നു ആശങ്ക.)

അഗ്രഗണ്യനായ സ്വഹാബാക്കളിൽപ്പെടുന്ന ഹദ്റത്ത് സഹ്ൽ ബിൻ ഹുനൈഫ്(റ) ഉഹദ് ദിവസം സ്ഥിരചിത്തത കാണിച്ചു. അദ്ദേഹം മരണം വരിക്കാമെന്ന കാര്യത്തിൽ നബി(സ)നോട് ബൈഅത്ത് ചെയ്തിരുന്നു. ആ സമയത്ത് അദ്ദേഹം നബി(സ)ന് മുന്നിൽ പരിചയായി ഉറച്ചുനിന്നു.

(മഹിളയായ) ഹദ്റത്ത് ഉമ്മു അമ്മാറ(റ)യെ പറ്റി തിരുനബി(സ) പറഞ്ഞു: ഉഹദ് ദിവസം ഇടതും വലതും എവിടെ നോക്കുകയാണെങ്കിലും അവരെ കാണാമായിരുന്നു. അവർ എന്റെ സംരക്ഷണത്തിന് വേണ്ടി ശത്രുക്കളുമായി പൊരുതുകയായിരുന്നു.

യുദ്ധത്തിൽ അബൂസുഫ്യാനോടുള്ള സംസാരത്തെ പറ്റിയും ഖുറൈശികൾ എങ്ങിനെയാണ് തിരിച്ചുവന്നത് എന്നതിനെപറ്റിയും പരാമർശമുണ്ട്.

ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) നബി(സ) പരിക്കേറ്റ് മോഹാലാസ്യപ്പെട്ടതിനെയും അതിനുശേഷമുള്ള സംഭവങ്ങളെയുംപറ്റി പറയുന്നു. കുറച്ചു സമയത്തിനുശേഷം നബി(സ)യ്ക്ക് ബോധം കിട്ടി. മുസ്ലിംകളെ വീണ്ടും ഒരുമിച്ചുകൂട്ടാൻ സ്വഹാബാക്കൾ മൈതാനത്തിന്റെ നാലുഭാഗത്തേക്കും ആളെ അയച്ചു. ഓടിപ്പോയ സൈന്യം വീണ്ടും ഒരുമിച്ചുകൂടാൻ തുടങ്ങി. നബി(സ) അവരേയും കൂട്ടി മലയുടെ താഴ്വാരത്തേക്ക് പോയി. താഴ്വരയിൽ ബാക്കിവന്ന സൈന്യം നിലയുറപ്പിച്ചു. അപ്പോൾ അബൂസുഫ്യാൻ വളരെ ഉച്ചത്തിൽ വിളിച്ചു പറഞ്ഞു: ഞങ്ങൾ മുഹമ്മദ്(സ)നെ വധിച്ചിരിക്കുന്നു. നബി(സ) അബൂസുഫ്യാന്റെ വാക്കുകൾക്ക് മറുപടി നൽകിയില്ല. (പരിക്കേറ്റ മുസ്ലിംകൾ വീണ്ടും ശത്രുക്കളുടെ ആക്രമണത്തിന് ഇരയാകാതിരിക്കാനാണ് നബി(സ) അങ്ങനെ ചെയ്തത്.) മറുപടി ഒന്നും കിട്ടാതായപ്പോൾ തന്റെ ധാരണ ശരിയാണെന്ന് ഉറപ്പിച്ച അബൂസുഫ്യാൻ ഉറക്കെ വിളിച്ചുപറഞ്ഞു. ഞങ്ങൾ അബൂബക്കറിനേയും ഉമറിനേയും വധിച്ചിരിക്കുന്നു. ഇസ്ലാമിന്റെ സ്ഥാപകനേയും അദ്ദേഹത്തിന്റെ ഇടത് വലം കൈകളേയും ഞങ്ങൾ വധിച്ചിരിക്കുന്നുവെന്ന് കാഫിരീങ്ങൾക്ക് ഉറപ്പായി. തുടർന്ന് അബൂസുഫ്യാനും അയാളുടെ കൂട്ടുകാരും സന്തോഷപൂർവ്വം ഞങ്ങളുടെ ഹുബൽ ദേവത വിജയിച്ചു. അത് ഇന്ന് ഇസ്ലാമിനെ നാമാവശേഷമാക്കി എന്ന് മുദ്രാവാക്യം വിളിച്ചു തുടങ്ങി.

ഹദ്റത്ത് മുസ്ലിഹ് മൗഊദ് പറയുന്നു: തന്റെയും അബൂബക്കറിന്റെയും ഉമറിന്റെയും മരണത്തെ പറ്റി വിളംബരം കേട്ടുകൊണ്ട് നിശബ്ദരായിരിക്കാൻ ഉപദേശിച്ച തിരുനബി(സ) ഏകനായ അല്ലാഹുവിന്റെ അന്തസിന്റെ വിഷയം വന്നപ്പോൾ ശിർക്കിന്റെ മുദ്രാവാക്യം മൈതാനത്ത് മുഴങ്ങിയപ്പോൾ വളരെ അസ്വസ്ഥനായിക്കൊണ്ട് വളരെ ആവേശത്തോടെ സ്വഹാബാക്കളോട് പറഞ്ഞു. നിങ്ങൾ എന്തുകൊണ്ട് മറുപടി നൽകുന്നില്ല. സ്വഹാബാക്കൾ ചോദിച്ചു: യാ റസൂലുല്ലാഹ് ഞങ്ങൾ എന്താണ് പറയേണ്ടത്. നബി(സ) പറഞ്ഞു: ഹുബുൽ ദേവതയുടെ പ്രതാപമുയർന്നു എന്ന് പറയുന്നത് കള്ളമാണ് അത് നിങ്ങളുടെ വ്യാജോക്തിയാണ്. ഏകനും പങ്കുകാരില്ലാത്തവനുമായ അല്ലാഹു തന്നെയാണ് അന്തസ്സുടയവൻ, അവന്റെ പ്രതാപമാണ് മഹത്വമുള്ളത് എന്ന് പറയുവിൻ. അങ്ങനെ നബി(സ) താൻ ജീവിച്ചിരിക്കുന്നുവെന്ന അറിയിപ്പും ശത്രുക്കൾക്ക് നൽകുകയുണ്ടായി. ഇത്രയും ആർജവവും ധൈര്യവുമുള്ള മറുപടി കാഫിരീങ്ങളുടെ സൈന്യത്തെ വല്ലാതെ സ്വാധീനിച്ചു. അവരുടെ പ്രതീക്ഷകൾ മണ്ണടിഞ്ഞു. വിരലിലെണ്ണാവുന്ന പരിക്കേറ്റ മുസ്ലിംകളായിരുന്നു അവർക്ക് മുന്നിൽ. അവരെ ആക്രമിച്ച് കൊലപ്പെടുത്തുക എന്നത് പ്രത്യക്ഷത്തിൽ തീർച്ചയായും സാധ്യമായിരുന്നു താനും. പക്ഷെ അവർക്ക് വീണ്ടും ആക്രമിക്കാനുള്ള തന്റേടമുണ്ടായില്ല. അവർ ലഭിച്ച അത്രയും വിജയത്തിൽ സന്തോഷിച്ചുകൊണ്ട് മക്കയിലേക്ക് തിരിച്ചുപോയി. ഹദ്റത്ത് മുസ്ലിഹ് മൗഊദ് വ്യത്യസ്ത നിലയിൽ ആ സംഭവം വിവിധ സ്ഥലങ്ങളിൽ വിവരിച്ചിട്ടുണ്ട്. അത് ഇൻശാ അല്ലാഹ് തുടർന്നും വിവരിക്കുന്നതാണ്.

ഈ സമയത്ത് ഞാൻ പൊതുവിൽ ദുആക്ക് വേണ്ടി പറയുകയാണ്. ഫലസ്തീനികളുടെ പൊതുവായ അവസ്ഥകൾക്ക്വേണ്ടി ദുആ തുടരുക. ഗസ്സയിൽ യുദ്ധം നിർത്തലാക്കാൻ ശ്രമിക്കുന്നതായി കേൾക്കുന്നു. ഒരു പക്ഷെ ഇസ്രായേൽ സർക്കാനും ഒരു പരിധിവരെ ഇത് അംഗീകരിച്ചേക്കാം. എന്നാൽ ലബ്നാനിലെ അതിർത്തികളിൽ യുദ്ധം പൊട്ടിപ്പുറപ്പെടാനുള്ള സാധ്യത കൂടിക്കൊണ്ടിരിക്കുന്നു. അതിന്റെ പ്രഭാവം പിന്നെ വെസ്റ്റ് ബാങ്കിലെ ഫലസ്തീനികൾക്കുമേലും ഉണ്ടാകുന്നതാണ്. പാശ്ചാത്യഭരണകൂടങ്ങളിൽ നീതിയുടെ പേരും ചൂരും പോലുമില്ല. ആക്രമം പാരമ്യത്തിലെത്തിയെന്ന് ഇപ്പോൾ അവരുടെ ലേഖകന്മാർ തന്നെ തുറന്ന് എഴുതാൻ തുടങ്ങിയിരിക്കുന്നു.

അമേരിക്കൻ നേതാക്കൾ തങ്ങളുടെ സാമ്പത്തികം മെച്ചപ്പെടുത്താൻ യുദ്ധത്തിന് പ്രോത്സാഹനം നൽകുകയാണ്. അതുകാരണം അവരുടെ വരുമാനം വർധിക്കുന്നതാണ്. കാരണം അവരുടെ ഫാക്ടറികൾക്ക് കൂടുതൽ സാധനങ്ങൾ ഉണ്ടാക്കാൻ കഴിയുന്നതാണ്. ഇപ്പോൾ അവരുടെ വിശകലന വിദഗ്ധന്മാരും അമേരിക്ക തങ്ങളുടെ സാമ്പത്തികാവസ്ഥ മെച്ചപ്പെടുത്തുന്നതിന് യുദ്ധത്തെ നീട്ടിക്കൊണ്ടുപോകാൻ ശ്രമിക്കുകയാണെന്നും ലോകത്ത് കുഴപ്പങ്ങൾ പരത്തുകയാണെന്നും പറഞ്ഞു തുടങ്ങിയിരിക്കുന്നു. അല്ലാഹുവിന്റെ പിടുത്തത്തിൽ നിന്ന് രക്ഷപ്പെടാൻ കഴിയില്ലെന്ന് ഇവർ മനസ്സിലാക്കുന്നില്ല. അഹ്മദികൾ ഏതായാലും തങ്ങളുടെ ദുആകളും ബന്ധങ്ങളും വെച്ച് നാശത്തിൽ നിന്ന് രക്ഷപ്പെടുത്താൻ തങ്ങളുടെ കർമ്മങ്ങൾ നിർവ്വഹിക്കേണ്ടതാണ്. കഴിഞ്ഞദിവസം വന്ന മറ്റൊരു വാർത്തയിൽ പറയുന്നു. യു.എൻ സഹായഏജൻസിക്ക് അമേരിക്കയും യു.കെ.യും സഹായം നിർത്തിവെക്കുകയും നൽകാൻ സാധ്യമല്ലെന്ന് പറയുകയും ചെയ്തിരിക്കുന്നു. കാരണം അവരുടെ 11 ഓ 12 ഓ ആളുകൾ ഹമാസുമായി ചേർന്നിരിക്കുന്നു. അതുകൊണ്ട് ഫലസ്തീനികൾക്ക് സഹായം നൽകാതിരിക്കുക എന്ന ദ്രോഹം ചെയ്യുകയാണ്. അവരെ നിർബന്ധതാവസ്ഥയിൽ എത്തിക്കുന്നതിനുവേണ്ടിയാണ് ഇത് ചെയ്യുന്നത് അല്ലാതെ ഒന്നുമല്ല. എന്നാൽ ഏറെ ആശ്ചര്യകരമായ സംഗതി എന്തെന്നാൽ, പാശ്ചാത്യരാജ്യങ്ങൾ സഹായം നിർത്തുന്നുവെങ്കിൽ എണ്ണപ്പണമുള്ള മുസ്‌ലിം രാജ്യങ്ങൾ എന്തുകൊണ്ടാണ് തങ്ങൾ സഹായിക്കാമെന്ന് പറയാത്തത്. കാരണം യു.എൻ ഏജൻസി, ഫെബ്രുവരിക്ക് സഹായം കിട്ടിയില്ലെങ്കിൽ തങ്ങൾക്ക് സഹായം എത്തിക്കാൻ കഴിയില്ലെന്ന് വിളംബരപ്പെടുത്തിയിരിക്കുന്നു.

ഏതായാലും അല്ലാഹു മുസ്‌ലിം രാജ്യങ്ങൾക്കും തങ്ങളുടെ റോൾ നിറവേറ്റാൻ തൗഫീഖ് നൽകട്ടെ. ലോകത്തുള്ള ഫസാദുകൾ അവസാനിക്കുമാറാകട്ടെ. ഇപ്പോൾ ഇറാനുമായുള്ള യുദ്ധത്തിനുള്ള ആശങ്കയും വർധിക്കുന്നു. അതുപോലെ യമനിലുള്ള അഹ്മദികൾക്ക് വേണ്ടിയും ദുആ ചെയ്യുക. അവിടെ നമ്മുടെ ഒരു ആത്മാർത്ഥ അഹ്മദി കൽത്തുറുങ്കിലോ വീട്ടുതടങ്കലിലോ ശരിയായി ചികിത്സ കിട്ടാത്ത കാരണം മരണപ്പെടുകയുണ്ടായി. വിശദാംശങ്ങൾ വളരെ പ്രയാസപ്പെട്ടാണ് കിട്ടുന്നത്. പ്രയാസങ്ങളിൽ അകപ്പെട്ടിട്ടുള്ള ആളുകൾക്ക്‌വേണ്ടി ദുആ ചെയ്യുക. കൂടുതൽ വിശദാംശങ്ങൾ കിട്ടിയാൽ മർഹൂമിന്റെ ജനാസയും നമസ്ക്കരിപ്പിക്കുന്നതാണ്.

പാക്കിസ്ഥാനിലെ അഹ്മദികൾക്ക്‌വേണ്ടിയും ദുആ ചെയ്യുക. തങ്ങളുടെ രാഷ്ട്രീയ ലാഭങ്ങൾക്ക് വേണ്ടി അഹ്മദികളെ കുറിമാനമാക്കുന്നു. കൂടാതെ ചില ഉഗ്രവാദികളായ സംഘടനകളിൽ നിന്നും ജമാഅത്തിന് പ്രയാസങ്ങൾ ഉണ്ട്. എല്ലാ സ്ഥലത്തും അഹ്മദികൾക്ക് ഇരട്ട പ്രയാസമാണുള്ളത്. ഒന്ന് പൗരൻ എന്ന നിലക്കും മറ്റൊന്ന് അഹ്മദി എന്ന് നിലയിലും. റബ്‌വയിലേയും മറ്റ് പട്ടണങ്ങളിലേയും അഹ്മദികൾക്ക്‌വേണ്ടിയും ദുആ ചെയ്യുക. അല്ലാഹു അവരെ തന്റെ സംരക്ഷണത്തിൽ വെക്കുമാറാകട്ടെ. ദ്രോഹികളുടെ ദ്രോഹം അവർക്ക്മേൽ തന്നെ പതിക്കട്ടെ. അല്ലാഹു എല്ലാ രാജ്യത്തും അഹ്മദികളെ സംരക്ഷിക്കുമാറാകട്ടെ.

അല്ലാഹുവിലേക്ക് തിരിയാതെ തങ്ങൾക്ക് നിലനിൽപിനുള്ള മറ്റൊരു വഴിയും ഇല്ലെന്ന് ലോകത്ത് ബോധ്യപ്പെടുമാറാകട്ടെ. അല്ലാഹുവിനെ തിരിച്ചറിയുന്നതിലും അല്ലാഹു അയച്ച ആളെ അംഗീകരിക്കുന്നതിലുമാണ് അവർക്ക് നിലനിൽപ്പുള്ളത്. അല്ലാഹു അവർക്ക് അതിന് തൗഫീഖ് നൽകുമാറാകട്ടെ.

اَلْحَمْدُ لِلّٰہِ نَحْمَدُہٗ وَ نَسْتَعِیْنُہٗ وَ نَسْتَغْفِرُہٗ وَنُؤْمِنُ بِہٖ وَ نَتَوَکَّلُ عَلَیْہِ وَنَعُوْذُ بِاللّٰہِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَیِّئَاتِ اَعْمَالِنَا مَنْ یَّھْدِہِ اللّٰہُ فَلَا مُضِلَّ لَہٗ وَمَنْ یُّضْلِلْہُ فَلَا ھَادِیَ لَہٗ۔ وَنَشْھَدُ اَنْ لَّا اِلٰہَ اِلَّا اللّٰہُ وَنَشْھَدُ اَنَّ مُحَمَّدًا عَبْدُہٗ وَرَسُوْلُہٗ۔ عِبَادَاللّٰہِ رَحِمَکُمُ اللّٰہُ اِنَّ اللّٰہَ یَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِیْتَاءِ ذِی الْقُرْبٰی وَیَنْھٰی عَنِ الْفَحْشَاءِ وَ الْمُنْکَرِ وَ الْبَغْیِ یَعِظُکُمْ لَعَلَّکُمْ تَذَکَّرُوْنَ اُذْکُرُوا اللّٰہَ یَذْکُرْکُمْ وَ ادْعُوْہُ یَسْتَجِبْ لَکُمْ وَلَذِکْرُ اللّٰہِ اَکْبَرُ۔

Friday Sermon Summary delivered by **Hadrat Khalifatul Masih Al-khamis** (atba)
at Masjid Mubarak, Islamabad, Tilford, UK – on 02.02.2024
Malayalam Translation & layout: **Moulavi T. Jamshad Mukkam**
Typing: M.P Abdul Latheef Puthoormadam, For Malayalam Desk, Qadian.
Published By Nazarat Nashr-O-Isha'at, Sadr Anjuman Ahmadiyya - Qadian, 143516